പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 4450 25.10.2016-ൽ മറുപടിയ്ക്ക്

# അത്‌ലറ്റിക് താരങ്ങൾക്ക് പാരിതോഷികം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് വെള്ളി മെഡൽ നേടിയ ശ്രീ.പി.എൻ.അജിത് ഉൾപ്പെടെയുള്ള താരങ്ങൾക്ക് പാരിതോഷികമടക്കമുള്ളവ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) & (ബി), | ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കായികതാരങ്ങൾക്കും പരിശീലകർക്കും പാരിതോഷികം നൽകണമെന്ന എം.എൽ.എ-യുടെ നിവേദനം ലഭിക്കുകയുണ്ടായി. ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ വിജയികളായ കായികതാരങ്ങൾക്ക് 04.06.2007-ലെ സ.ഉ.(സാധാ)നം.2482/2007/പൊ.വി.വ ഉത്തരവ് പ്രകാരമാണ് ക്യാഷ് അവാർഡ് നൽകിവരുന്നത്. ലോക സ്കൂൾ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ ലോക സ്കൂൾ അത്‌ലറ്റിക് മീറ്റിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് വെള്ളിമെഡൽ നേടിയവർക്ക് 2 ലക്ഷം രൂപ, വെങ്കലമെഡൽ നേടിയവർക്ക് 1 ലക്ഷം രൂപയും പാരിതോഷികം നൽകുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നതായി പൊതു വിദ്യാഭ്യാസവകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ കോങ്ങാട് നിയമസഭാംഗം നൽകിയ പ്രൊപ്പോസൽ പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | | |

Mary M

സെക്ഷൻ ഓഫീസർ